**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **03-03-2025 - ൽ മറുപടിയ്ക്ക്**

**പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീസംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പമ്പ, അച്ചൻകോവിൽ നദികളെ തമിഴ്‌നാട്ടിലെ വൈപ്പാർ നദിയുമായി സംയോജിപ്പിക്കുന്നതുമൂലം സംസ്ഥാനത്തുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പമ്പ-അച്ചൻകോവിൽ നദികളിൽ അധിക ജലം ഉണ്ടെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് അവിടത്തെ അധിക ജലം തമിഴ്നാട്ടിലെ വൈപ്പാർ നദിയിലേക്ക് തിരിച്ചുവിടുന്നതിന് ദേശീയ ജല വികസന ഏജൻസി പദ്ധതി തയ്യാറാക്കിയത്.<br><br>പ്രസ്തുത സാഹചര്യത്തിൽ വേമ്പനാട് കായലിൽ പതിക്കുന്ന ഈ നദികളിൽ (പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ) അധിക ജലം ഉണ്ടോയെന്നും, അവിടെ നിന്നും ജലം തിരിച്ചുവിട്ടാൽ റംസാർ സൈറ്റായ (RAMSAR SITE) വേമ്പനാട് കായലിൽ പാരിസ്ഥിതിക പ്രശ്നം ഉണ്ടാകുമോയെന്നും പഠിക്കാനാണ് കേരളം ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിനെ (CWRDM) ചുമതലപ്പെടുത്തിയത്. 1999-ൽ CWRDM കേരള ഗവൺമെന്റിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ ഈ നദികളിൽ അധിക ജലം ഇല്ലായെന്നും, 2050 വർഷത്തോടെ രൂക്ഷമായ ജലക്ഷാമം (പ്രത്യേകിച്ച പമ്പാ നദിയിൽ) അനുഭവപ്പെടാൻ സാധ്യതയുള്ളതുമായാണ് പ്രതിപാദിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതിസന്തുലനം തകരാറിലാവുകയും, ഓരു ജല നിർമ്മാർജ്ജനം നടത്താനാകാതിരിക്കുകയും കുടിവെള്ളക്ഷാമം നേരിടുകയും കുട്ടനാട്ടിലെ കൃഷി നാശത്തിന് വഴിതെളിക്കുകയും ചെയ്യുമെന്ന് മേൽ റിപ്പോർട്ട് നിരീക്ഷിക്കുന്നു. കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം IIT ഡൽഹി നടത്തിയ പഠന റിപ്പോർട്ടിലും പമ്പ അച്ചൻകോവിൽ വൈപ്പാർ പദ്ധതി മൂലം ഉണ്ടാകുന്ന പാരിസ്ഥിതികാഘാതത്തെ പറ്റി പ്രതിപാദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയെ സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്.<br><br>കേന്ദ്ര ജല ശക്തി മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസി (NWDA) യുടെ വിവിധ യോഗങ്ങളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ (ബഹു.മന്ത്രിമാർ ഉൾപ്പടെ) നിർദ്ദിഷ്ട പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയെ സംബന്ധിച്ച് ശക്തമായ എതിർപ്പ് കാലാകാലങ്ങളിൽ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതിയുമായി മുന്നോട്ട് പോകില്ല എന്ന് NWDA ഉറപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ